**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 202

27.02.2017- ൽ
മറുപടിക്ക്

**<u>വാടാനപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 26.02.2016-ലെ G.O(Rt) No.679/2016/ ആഭ്യന്തരം ഉത്തരവ് പ്രകാരം ബഹു.മണലൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം (ഗ്രൗണ്ട് ഫ്ലോർ) നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സർക്കാർ അനുമതിയും എം.ഒ.പി.എഫ് 2013-14 (പ്ലാൻ-സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ ചെലവിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് കെ.പി.എച്ച്.സി.സി -യ്ക്ക് സംസ്ഥാന പോലീസ് മേധാവിയും അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സിയും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ? | (ബി) | നിലവിൽ ലഭ്യമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോഴുണ്ടാകാനിടയുള്ള സ്ഥലപരിമിതി - വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും പരേഡ് നടത്തുന്നതിനുമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ -പരിഹരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ